## 2000 മുതൽ 2004 വരെയുള്ള വിഹിതം നിർണ്ണയിക്കുന്നതു സംബന്ധിച്ച നോട്ടീസ് നല്കിയതിനു ശേഷം 1990 മുതലുള്ള വിഹിതം നിർണ്ണയിച്ചത് റദ്ദാക്കി

### കർണാടക ഹൈക്കോടതി

W.P. No. 45781/2015 Dt. 19.1.2021

ശ്രീ ഗജനാന മോട്ടോർസ് ട്രാൻസ്പോർട്ട് കമ്പനി ലിമിറ്റഡ്

x

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

കമ്പനിയിലെ ഒരു തൊഴിലാളി പ്രോവിഡന്റ് ഫണ്ട് സംബന്ധിച്ച് ഇ.പി.എഫ്. കമ്മീഷണർക്ക് പരാതി നല്കി. കമ്പനിയിലെ തൊഴിലാളികൾക്ക് ഇ.പി.എഫ്. പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുണ്ടെങ്കിലും തൊഴിലുടമ അത് നിരസിച്ചിരിക്കുകയാണെന്നാണ് തൊഴിലാളി പരാതിപ്പെട്ടത്. 2000 മുതൽ തൊഴിലുടമ വിഹിതങ്ങൾ അടച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ട ഇ.പി.എഫ്. കമ്മീഷണർ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം സംബന്ധിച്ച നോട്ടീസ് തൊഴിലുടമയ്ക്കു നല്കി. 2000 മുതൽ 2004 വരെയുള്ള കാലയളവിലെ കുടിശിക സംബന്ധിച്ചാണ് അന്വേഷണം നടത്താനുദ്ദേശിക്കുന്നതെന്ന് പ്രസ്തുത നോട്ടീസിൽ പ്രത്യേകം വ്യക്തമാക്കിയിരുന്നു. വിഹിതം നിർണ്ണയിക്കാനുള്ള അന്വേഷണത്തിൽ പങ്കെടുത്ത തൊഴിലുടമ കുടിശിക വരുത്തിയിട്ടില്ലെന്നും ഇ.പി.എഫ്. കമ്മീഷണർക്ക് തൊഴിലാളി നല്കിയ പരാതി അടിസ്ഥാനരഹിതമായ ഊഹാപോഹം മാത്രമാണെന്നും കമ്മീഷണറെ അറിയിച്ചു. അന്വേഷണത്തിൽ ഉടനീളം 2000 മുതൽ 2004 വരെയുള്ള കാലയളവിലെ കുടിശികയെക്കുറിച്ച് മാത്രമാണ് ചർച്ച ചെയ്തത്. അന്വേഷണം പൂർത്തിയാക്കിയ കമ്മീഷണർ 2006-ൽ ഉത്തരവ് പുറപ്പെടുവിച്ചു. 27 ലക്ഷത്തിലധികം രൂപ കുടിശികയായി അടയ്ക്കണമെന്നാണ് ഉത്തരവിൽ വ്യക്തമാക്കിയത്. 1990 മുതൽ 2004 വരെയുള്ള കാലയളവിലെ കുടിശിക അടയ്ക്കാനുണ്ടെന്നായിരുന്നു കമ്മീഷണർ കണ്ടത്. ഇതിനെതിരെ തൊഴിലുടമ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ശരിവച്ച ട്രൈബ്യൂണൽ തൊഴിലുടമയുടെ അപ്പീൽ തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. നോട്ടീസിൽ സൂചിപ്പിച്ചതിനപ്പുറത്തുള്ള കാലയളവിലെ കുടിശിക നിർണ്ണയിച്ചത് നിയമവിരുദ്ധമായ നടപടിയാണെന്ന് തൊഴിലുടമ വാദിച്ചു. നോട്ടീസിൽ പറയാത്ത വിഷയം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് നിയമദൃഷ്ട്യാ നിലനില്ക്കില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെയും ഇ.പി.എഫ്. കമ്മീഷണറുടെയും ഉത്തരവുകൾ റദ്ദാക്കുകയും തൊഴിലുടമയുടെ അപ്പീൽ അനുവദിക്കുകയും കേസ് കമ്മീഷണർക്ക് തിരിച്ചയക്കുകയും നിയമാനുസൃതമായ രീതിയിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.